# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2899 17.10.2016- ൽ മറുപടിയ്ക്കായി

## ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ നിയമനം

| ചോദ്യം<br>ശ്രീ .എം. സ്വരാജ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും അവ ഏതൊക്കെ വിഭാഗത്തിലാണെന്നും വ്യക്തമാക്കുമോ; | (എ) ICDS സൂപ്പർവൈസർമാരുടെ ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>1. ജനറൽ വിഭാഗം (പി.എസ്.സി.മുഖേന) — 43 ഒഴിവുകൾ<br>2. എസ്.എസ്.എൽ.സി. യോഗ്യതയും10 വർഷത്തെ സേവന പരിചയവുമുള്ള അങ്കണവാടി വർക്കർ- മാരിൽ നിന്നുള്ള നിയമനം (പി.എസ്.സി.മുഖേന) — 13 ഒഴിവുകൾ<br>3. ബിരുദയോഗ്യതയും10 വർഷത്തെ സേവന പരിചയ-വുമുള്ള അങ്കണവാടി വർക്കർമാരിൽ നിന്നുള്ള നിയമനം (പി.എസ്.സി.മുഖേന) — 146 ഒഴിവുകൾ<br>4. ഫീഡർ കാറ്റഗറിയിൽനിന്നുള്ള ഉദ്യോഗക്കയറ്റം — ഒഴിവുകൾ ഇല്ല |
| (ബി) | ജനറൽ വിഭാഗത്തിലല്ലാതെ മറ്റ് വിഭാഗങ്ങൾക്കായി (10 വർഷം സേവന പരിചയമുള്ള വർക്കർമാർ, ബിരുദവും10 വർഷം സേവന പരിചയവുമുള്ള വർക്കർമാർ, ഫീഡർ കാറ്റഗറി (പ്രമോഷൻ) നീക്കി വെച്ചിരിക്കുന്ന തസ്തികകളിൽ വർഷങ്ങളായി നിശ്ചിത യോഗ്യതയുള്ളവർ ഇല്ലാത്തതിനാൽ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ; | (ബി) ജനറൽ വിഭാഗത്തിലല്ലാതെ മറ്റ് വിഭാഗങ്ങൾക്കായി പി.എസ്.സി. മുഖേന നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന തസ്തികകളിൽ നിശ്ചിത യോഗ്യതയുള്ളവർ ഇല്ലാത്തതായി പി.എസ്.സി.യിൽ നിന്ന് അറിയിപ്പ് ഉണ്ടായിട്ടില്ല. |

| | | |
|---|---|---|
| | ഉണ്ടെങ്കിൽ പ്രസ്തുത തസ്തികകളുടെ എണ്ണം വിഭാഗം തിരിച്ച് വ്യക്തമാക്കാമോ; | |
| (സി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; - | (സി) മേൽ പ്രസ്താവിച്ച ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| (ഡി) | നിർദിഷ്ട യോഗ്യതയുള്ളവരില്ലെങ്കിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നിർദിഷ്ട യോഗ്യതയുള്ളവർ ഇല്ലാത്ത വിവരം പി.എസ്.സി അറിയിക്കുന്ന പക്ഷം മാത്രം സർക്കാർ നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ